GOVERNMENT CENTRAL FARM, TRICHUR—AGRICULTURAL PRODUCTS—OBTAINING OF

300. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടിപറയുമോ.—

(എ) തൃശ്ശിവപേരൂർ സെൻട്രൽ ഫാറം സന്ദർശിക്കുന്നവർക്ക് അവിടെയുണ്ടാകുന്ന കാഷ്ടികോൽപന്നങ്ങൾ വിലക്ക് കിട്ടുന്നതിനുള്ള വല്ല വ്യവസ്ഥകളും ഗവൺമെണ്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

മിസ്റ്റർ സി. ആർ. ഈയ്യണ്ണി:

(എ) സെൻട്രൽ ഫാറത്തിൽ ഉണ്ടാകുന്ന കാഷ്ടികോല്പന്നങ്ങൾ എല്ലാം ലേലം വിളിച്ചും ടെണ്ടർ വിളിച്ചും വില്ക്കുന്നതുകൊണ്ട് ഫാറം സന്ദർശിക്കുന്നവർക്ക് ഇതുവക കാഷ്ടികോൽപന്നങ്ങൾ ഫാറത്തിൽനിന്ന് നേരിട്ട് വില്ക്കുന്നില്ല. ആവശ്യക്കാർക്ക് സാധനങ്ങൾ ലേലക്കാരിൽനിന്നും ലഭിക്കുന്നതാണ്.

(ബി) എ. എന്ന ചോദ്യത്തിനു നൽകിയിട്ടുള്ള ഉത്തരംകൊണ്ട് ഇതിനു പ്രത്യേകം ഉത്തരം ആവശ്യമില്ല.

SHORTAGE OF KEROSENE-OIL AT KUNNAMKULAM

301. Mr. Paramel Ipe Ipe (*Kunnamkulam*) : Will Govenment be pleased to state.—

(*a*) on how many days kerosene was out of stock at the Kunnamkulam sub-depot during this month and last month;

(*b*) whether the Field Officers have issued instructions to the ration shop owners purchasing from this sub-depot to issue kerosene oil bit by bit to the card holders during this month?

Mr. P. Govinda Menon *(Minister for Food and Education)* :

(*a*) There was stock of kerosene oil in the sub-depot, Kunnamkulam on all days during the period.

(*b*) No.

PAY OF PRIMARY TEACHERS

302. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state —

(*a*) are the teachers in aided primary schools being paid sixteen annas in the rupee of their sanctioned pay;

(*b*) what has been done by the Government thus far to see that these teachers do get the sixteen annas in the rupee of their pay?

Mr. P. Govinda Menon (*Minister for Food and Education*):

(*a*) Grant is paid only on production of acquittance from the teachers for the full amount of their sanctioned grade of pay.

(*b*) The question does not arise.

CORRUPTION IN THE STATE SERVICE

303. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.

(എ) കൊച്ചിയിൽ കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നായി മൂലങ്കഴി പ്രജാമണ്ഡലയോഗത്തിൽ വിവേ—വിദ്യാഭ്യാസമന്ത്രി ശ്രീമാൻ പനമ്പിള്ളി പ്രസ്താവിച്ചതായി തൃശ്ശിവപേരൂർ എക്സ്പ്രസ്സിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പ്രകാരം കൈക്കൂലി വാങ്ങുന്നത് ആരാണെന്ന ഗവൺമെണ്ട് തിരക്കിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്. പക്ഷെ തെറ്റായിട്ടാണ് പ്രസംഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly